**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1089** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ആറ്റിങ്ങൽ മണ്ഡലത്തിലെ നന്ദായിവനം-ശിവൻമുക്ക്-വെള്ളല്ലൂർ റോഡ് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ മണ്ഡലത്തിലെ നന്ദായിവനം-ശിവൻമുക്ക്-വെള്ളല്ലൂർ റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബഡ്ജറ്റ് വർക്ക് 2024-25 (20%) - Upgradation - ശിവൻമുക്ക്-നന്ദായ് വനം-എറത്തി റോഡിന്റെ നവീകരണം (Ch. 0/000-2/800) എന്ന പ്രവൃത്തിയ്ക്കായി 16/06/2024-ലെ സർക്കാർ ഉത്തരവ് നമ്പർ 592/2024 പ്രകാരം ഭരണാനുമതി നൽകുകയും, തുടർന്ന് സാങ്കേതിക അനുമതി നൽകി കരാർ നമ്പർ 83/SESC/2024-25 dtd 13.12.2024 പ്രകാരം ശ്രീ. മനാഫ്. എ എന്ന കരാറുകാരൻ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത റോഡ് നവീകരണത്തിൽ കാലതാമസം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ടി റോഡിൽ KWA JJM ന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ചതും അതിന്റെ റെസ്റ്റോറേഷൻ പ്രവൃത്തികൾ ഇപ്പോഴും പൂർത്തിയാക്കാത്തതുമാണ് കാലതാമസം ഉണ്ടാകാനുള്ള കാരണം.

**(സി)** പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** KWA യുടെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ PWD പ്രവൃത്തികൾ തുടരാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി തുടർന്നു നടത്താൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നടന്ന മീറ്റിംഗിലെ തീരുമാന പ്രകാരം ശ്രീ. മനാഫ്. എ, എന്ന കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുന്നതിനും പ്രവർത്തി റീ അറേഞ്ച് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**